**നം. ക്യു.ഐ.പി/1/97/2020/ഡിജിഇ** **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
തിരുവനന്തപുരം, തീയതി 06.04.2020

**സർക്കുലർ**

**വിഷയം: പൊതുവിദ്യാഭ്യാസം- അക്ഷരവൃക്ഷം പദ്ധതി - കുട്ടികൾ തയ്യാറാക്കുന്ന രചനകൾ 'സ്കൂൾവിക്കി' യിലൂടെ പ്രസിദ്ധീകരിക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: പൊതുവിദ്യാഭ്യാസ മന്ത്രിയുടെ 01.04.2020 ലെ നിർദ്ദേശം

ലോകത്താകമാനം കോവിഡ് 19 ബാധയെതുടർന്ന് പലമുൻകരുതലുകളും സ്വീകരിച്ച് വരികയാണ്. രോഗബാധ തടയുന്നതിനുവേണ്ടി സംസ്ഥാനത്താകെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അവധിക്കാലം വീടുകളിൽ തന്നെ ചെലവഴിക്കാൻ കുട്ടികൾ നിർബന്ധിതമായിരിക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾക്ക് അവരുടെ സർഗ്ഗശേഷി പ്രകാശിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസവകുപ്പ് **'അക്ഷര വൃക്ഷം'** എന്ന പേരിൽ ഒരു പദ്ധതിക്കു രൂപം കൊടുത്തിരിക്കുന്നു. പരിസ്ഥിതി, ശുചിത്വം, രോഗപ്രതിരോധം എന്നീ വിഷയങ്ങളെ ആധാരമാക്കി ലേഖനം, കഥ, കവിത എന്നിവ തയ്യാറാക്കാനും പ്രസിദ്ധീകരിക്കാനും ഓരോ കുട്ടിക്കും അവസരം നൽകുന്നതാണ് സവിശേഷമായ ഈ പദ്ധതി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ കൈറ്റ് തയ്യാറാക്കിയിട്ടുള്ള 'സ്കൂൾ വിക്കി' (www.schoolwiki.in) യിലാണ് രചനകൾ പ്രസിദ്ധീകരിക്കുക. തെരഞ്ഞെടുത്തവ പിന്നീട് എസ്.സി.ഇ.ആർ.ടി പുസ്തക രൂപത്തിലും പ്രസിദ്ധീകരിക്കും. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. **കോവിഡ് 19 രോഗബാധയുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിക്കുന്ന എല്ലാ മുൻകരുതലുകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മാത്രമേ ഈ പദ്ധതി പ്രവർത്തനങ്ങളിൽ കുട്ടികളും അധ്യാപകരും രക്ഷകർത്താക്കളും എല്ലാം ഏർപ്പെടാവൂ.**
2. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. കുട്ടികൾ സ്വന്തമായി മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കിയ കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവയാണ് പദ്ധതിയിലേക്ക് പരിഗണിക്കുന്നത്. കുട്ടികൾ അവരുടെ രചനകൾ ക്ലാസ് അധ്യാപകർക്കാണ് നൽകേണ്ടത്.
3. ക്ലാസ് അധ്യാപകർ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ കുട്ടികളെ ഓൺലൈൻ സംവിധാനങ്ങൾ വഴി (ഇമെയിൽ, വാട്സ്ആപ് ഗ്രൂപ്പുകൾ....) അറിയിക്കേണ്ടതും 2020 ഏപ്രിൽ 20 ന് മുൻപ് കുട്ടികളുടെ രചനകൾ ശേഖരിച്ച് പ്രഥമാധ്യാപകർ നിർദ്ദേശിക്കുന്ന / ചുമതലപ്പെടുത്തുന്ന അധ്യാപകർക്ക് ലഭ്യമാക്കേണ്ടതുമാണ്.
4. ഓരോ വിദ്യാലയത്തിൽ നിന്നും പദ്ധതിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങളും കുട്ടികൾ തയ്യാറാക്കിയ രചനകളും അതത് സ്കൂൾ പ്രഥമാധ്യാപകന്റെ ഉത്തരവാദിത്വത്തിൽ ശേഖരിക്കേണ്ടതാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിന് ആവശ്യമെങ്കിൽ അനുയോജ്യരായ അധ്യാപകനെ/അധ്യാപികയെ ചുമതലപ്പെടുത്തേണ്ടതാണ്. *പി.എസ്.ഐ. ടി.സി /എസ്.ഐ.ടി.സി /എച്ച്.എസ്.ഐ.ടി.സി എന്നിവരുടേയോ കമ്പ്യൂട്ടറിൽ അവഗാഹമുള്ള അധ്യാപകരുടേയോ താല്പര്യമുള്ള അധ്യാപകരുടേയോ സേവനം പ്രയോജനപ്പെട്ട ത്താവുന്നതാണ്.)*

5. 'ലിറ്റിൽ കൈറ്റ്സ് ' ഐടി ക്ലബ്ബുകൾ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ കൈറ്റ് മാസ്റ്റർ/ കൈറ്റ് മിസ്ട്രസ് എന്നിവരുടേയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ പ്രത്യേക സാഹചര്യം നിലനിൽക്കുന്നതിനാൽ ഓൺലൈൻ സംവിധാനം അടിസ്ഥാനമാക്കിയ പ്രവർത്തനങ്ങൾക്കുള്ള സഹായമാണ് പ്രയോജനപ്പെടുത്തേണ്ടത്.

6. ഓരോ വിദ്യാലയത്തിലേയും താല്പര്യമുള്ള എല്ലാവിദ്യാർത്ഥികൾക്കും പദ്ധതിയിൽ പങ്കുചേരുന്നതിന് അതത് സ്കൂൾ അധ്യാപകർ പരമാവധി സൗകര്യങ്ങൾ ഒരുക്കേണ്ടതും പ്രഥമാധ്യാപകർ അതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി സമയബന്ധിതമായി കുട്ടികളുടെ രചനകൾ 'സ്കൂൾ വിക്കി' യിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പ് വരുത്തേ ണ്ടതുമാണ്.

7. പദ്ധതി വിശദാംശങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ അതത് സ്കൂൾ തലത്തിൽ സ്വീകരിക്കേണ്ടതാണ്. അതിനായി ഓൺലൈൻ സംവിധാനങ്ങളും സാമൂഹ്യമാധ്യമങ്ങളും (ഇമെയിൽ, വാട്സ്ആപ് ഗ്രൂപ്പുകൾ തുടങ്ങിയവ) പ്രയോജനപ്പെടു ത്തേണ്ടതാണ്.

8. കുട്ടികൾ തയ്യാറാക്കുന്ന രചനകൾ ഓൺലൈൻ സംവിധാനത്തിലൂടെ സ്കൂൾ അധികൃതർ ഒരുക്കുന്ന/ നിർദ്ദേശിക്കുന്ന രീതിയിൽ ശേഖരിക്കേണ്ടതും പ്രാഥമിക പരിശോധന അതത് സ്കൂൾ അധികൃതർ നടത്തി 'സ്കൂൾ വിക്കി' യിൽ പരമാവധി രചനകൾ ഉൾപ്പെടുത്തേണ്ടതുമാണ്.

9. കുട്ടികളിൽ നിന്ന് ലഭിക്കുന്ന ഉൽപ്പന്നങ്ങൾ അതത് സ്കൂളുകളുടെ യൂസർനെയിമും പാസ് വേഡും ഉപയോഗിച്ച് 'സ്കൂൾ വിക്കി' യിൽ ലോഗിൻ ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇതിനുള്ള സഹായഫയലുകൾ / വീഡിയോ ട്യൂട്ടോറിയൽ എന്നിവ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) തയ്യാറാക്കി 'സ്കൂൾ വിക്കി' ഹോംപേജിൽ ഉൾപ്പെടുത്തേണ്ടതാണ്. *(സാങ്കേതികസഹായം ആവശ്യമായ വിദ്യാലയങ്ങൾക്ക് അതത് ജില്ലയിലെ കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടേയും സ്കൂൾ ഐടി കോർഡിനേറ്റർമാരുടേയും ഓൺലൈൻ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്).*

10. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന **അക്ഷരവൃക്ഷം പദ്ധതി** അവരവരുടെ അധികാരപരിധിയിലെ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതത് വിദ്യാഭ്യാസ ഉപഡയറക്ടർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഏകോപിപ്പിക്കേണ്ടതും സമയബന്ധിതമായി പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

11. **അക്ഷരവൃക്ഷം പദ്ധതി**യുടെ ഭാഗമായുള്ള കുട്ടികളുടെ രചനകൾ 'സ്കൂൾ വിക്കി' യിൽ ഉൾപ്പെടുത്തു ന്നതിനും പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായവും

തുടർപ്രവർത്തനങ്ങളും കൈറ്റ് ക്രമീകരണം ഒരുക്കേണ്ടതാണ്. ഇതുസംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ ആവശ്യമെങ്കിൽ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പുറപ്പെടുവിക്കേണ്ടതാണ്.

12. 'സ്കൂൾ വിക്കി' യിൽ ഉൾപ്പെടുത്തുന്ന കുട്ടികളുടെ രചനകൾ എസ്.സി.ഇ.ആർ.ടി പ്രത്യേകം പരിശോധിക്കേണ്ടതും തെരഞ്ഞെടുത്തവ പുസ്തക രൂപത്തിലാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതുമാണ്.

**ഒപ്പ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ്,അംഗീകൃത അൺഎയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും - വെബ്സൈറ്റ് മുഖേന

പകർപ്പ്

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും